(ബി) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേക്ക് മുൻവർഷങ്ങളിൽ അനുവദിച്ച തുകകൾ യഥാസമയം ചെലവഴിച്ചിട്ടുണ്ട്. 2012-13 കാലയളവിൽ ഈ സ്ഥാപനത്തിലേയ്ക്ക് അലോട്ടുചെയ്ത പ്ലാൻ തുകയുടെ 98% വും 2013-14 കാലയളവിൽ 88% വും 2014-15 കാലയളവിൽ 85%-വും ചെലവാക്കിയിട്ടുണ്ട്. തുകകൾ ബാക്കി വരുന്നതിൽ സിംഹഭാഗവും മറ്റ് വകുപ്പുകൾ (പൊതുമരാമത്ത്) നിർവ്വഹിക്കേണ്ട/പൂർത്തീകരിക്കേണ്ട വർക്കുകളും മറ്റ് ഭാഗം ചെലവിനത്തിൽ ലാഭമുണ്ടാക്കിയ നീക്കിബാക്കിയുമാണ് (സേവിംഗ്സ്).

(സി) ഈ സ്ഥാപനത്തിലേയ്ക്ക് മുൻ വർഷങ്ങളിൽ അനുവദിച്ച തുകയും അവയുടെ ചെലവഴിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതി

46 (711) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതിക്കായി വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചതെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ 2200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ഇന വിവരം	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)	കുറിപ്പ്
1	നഴ്സിംഗ് കോളേജ് രണ്ടാം ഘട്ട നിർമ്മാണം	825	HLL-നെയാണ് പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഇതേവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ HLL-മായുള്ള കരാർ റദ്ദാക്കുകയും എം.സി.സി.യിലെ ഭാവിയിൽ വരുന്ന പ്രധാനപ്പെട്ട എല്ലാവർക്കുകളും ചെയ്യാൻ താല്പര്യമുള്ള ഏജൻസികളിൽ നിന്നും താല്പര്യപത്രം 29-6-2015-ന് മുമ്പായി സമർപ്പിക്കുവാൻ ക്ഷണിച്ചിട്ടുണ്ട്.
2	ലബോറട്ടറി ബ്ലോക്ക് നിർമ്മാണം രണ്ടാം ഘട്ടം	345	
3	ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റം വാങ്ങുന്നതിലേയ്ക്ക്	25	25 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു.
4	ജീറ്യാട്രിക് ഓങ്കോളജി സേവനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക്	105	ഇതിൽ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 44.11 ലക്ഷം രൂപ വിനിയോഗിച്ചു. ബാക്കി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
5	13th FC	400	6.19 ലക്ഷം രൂപ ടെണ്ടർ നടപടികൾക്കായി വിനിയോഗിച്ചു. പർച്ചേസ് ഓർഡർ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.
6	ഒറ്റത്തവണ കേന്ദ്രസഹായം	500	തുക ഇതുവരെ ലഭിച്ചിട്ടില്ല.
	ആകെ	2200	

LIBRARY ARCHIVES Kerala Legislative Assembly